# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2492 01.04.2013-ൽ മറുപടിക്ക്**

## പറമ്പിക്കുളത്തെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പറമ്പിക്കുളത്തെ തൂണക്കടവ് ഡാമിലെ കുടിവെള്ള പദ്ധതിയിൽ നിന്ന് എത്ര കോളനികളിൽ കുടിവെള്ളം എത്തിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പറമ്പിക്കുളത്തെ തൂണക്കടവ് ഡാമിലെ കുടിവെള്ള പദ്ധതിയിൽ നിന്ന് ചുങ്കം കോളനിയിൽ മാത്രമാണ് കുടിവെള്ളം എത്തിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം 100 - ഓളം കുടുംബങ്ങൾക്ക് ലഭിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (സി) | തൂണക്കടവ് പദ്ധതി വിപുലീകരണത്തിന് 24.04.2008 ന് റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. മുതലമട ഗ്രാമ പഞ്ചായത്തിലെ ചുങ്കം എസ്. റ്റി. കോളനിയിലെ നൂറോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നതാണ് പദ്ധതി. പ്രഷർ ഫിൽട്ടർ, ക്ലോറിനേറ്റർ മുറി എന്നിവ സ്ഥാപിക്കുന്നതിനായുള്ളതാണ് പദ്ധതി. ഇതിൽ ക്ലോറിനേറ്റർ മുറിയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. പ്രഷർ ഫിൽറ്റർ സ്ഥാപിച്ച് ട്രയൽ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പറമ്പിക്കുളത്തെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | നിലവിൽ പുതിയ പദ്ധതികളൊന്നും തന്നെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ